# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1135 04.02.2019 ൽ മറുപടിക്ക്

**ഒറ്റപ്പാലത്തെ റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മിതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പ്രളയക്കെടുതിയിൽ തകർന്ന റോഡുകളും, പാലങ്ങളും പുനർ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | എ) പ്രളയത്തിൽ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി അടിയന്തര അറ്റകുറ്റപ്പണികൾ യുദ്ധകാല അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം റോഡിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനായി അനുവദിച്ച 2395 പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 7956 കി.മീറ്ററിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തകർന്ന കലുങ്കുകൾ, സംരക്ഷണഭിത്തികൾ തുടങ്ങിയവ പുനർ നിർമ്മിക്കുന്നതിനുള്ള 656 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. നോൺപ്ലാൻ ഫണ്ട്, ദുരന്ത നിവാരണ ഫണ്ട് എന്നിവയിൽനിന്നും മേൽപ്പറഞ്ഞ ഹ്രസ്വകാല അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾക്കെല്ലാം തന്നെ 2018 സെപ്റ്റംബർ 18-നകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4429കി.മീ റോഡിലെ അറ്റകുറ്റപ്പണികളും 164 മറ്റ് പ്രവൃത്തികളും ജനുവരി 1-ന മുമ്പായി പൂർത്തീകരിച്ചിട്ടുണ്ട്. 3148 കി.മീ റോഡുകളുടെ അറ്റകുറ്റപ്പണികളും 429 മറ്റ് പ്രവൃത്തികളും പുരോഗതിയിലാണ്. 379 കി. മീ റോഡുകളിലെ അറ്റകുറ്റപണികളും 63 മറ്റ് പ്രവൃത്തികളും ടെണ്ടർ നടപടികളിലുമാണ്. ഈ പ്രവൃത്തികൾ എല്ലാം തന്നെ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഉപരിതലം പുതുക്കൽ ആവശ്യമായ റോഡുകൾ മുൻഗണനാ പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ G.O.(Rt) No. 1842/2018/PWD തീയതി 27.11.2018 പ്രകാരം ബഡ്ജറ്റ് ശീർഷകത്തിൽ 239.69 |

കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ G.O.(Rt) No. 1978/2018/PWD തീയതി 22.12.2018 പ്രകാരം വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 1191 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ ചെയ്ത് പുനർ നിർമ്മിക്കേണ്ട റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

KRFBയുടെ പരിധിയിൽ വരുന്ന ശംഖുമുഖം-ബീച്ച് റോഡിൽ ഏകദേശം 300 മീറ്റർ റോഡ് തകർന്ന നിലയിലാണ്. ഇതിന് ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടം വരുന്നതായി കണക്കാക്കിയിട്ടുണ്ട്. KRFB റോഡുകളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചാലുടൻ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രളയക്കെടുതിയിൽ തകർന്ന റോഡുകളും, പാലങ്ങളും പുനർ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രളയക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനായി 8 പ്രവൃത്തികൾക്കായി 53 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ ബഡ്ജറ്റ് 2018-19 ൽ ഒരു പ്രവൃത്തിക്ക് 200 ലക്ഷം രൂപയും ഫ്ലഡ് 2018-19 ൽ 4 പ്രവൃത്തികൾക്കായി 700 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെട്ട കോങ്ങാട് മംഗലംകുന്ന് റോഡിന് പ്രളയത്തിൽ സംഭവിച്ച കേടുപാടുകൾ കരാറുകാരൻ തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

സി) എത്ര തുക ഇതിനായി അനുവദിച്ചു; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

സി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| | | | |
|---|---|---|---|
| 1. | Rectification to flood damages at km 12/00 of Kulladikkode-Sreekrishnapuram road. | | 10 Lakhs |
| 2. | UPR works to Ambalappara-Melur-Kizhur road 0/00-4/500 | - | 5 Lakhs |
| 3. | UPR works to Chantha Kripalani road km 0/00 – 3/00 | - | 3 Lakhs |
| 4. | UPR works to Ottappalam-Mannarkkad road km 0/00-16/900 | - | 5 Lakhs |
| 5. | Providing drainage facilities from km 4/100-4/600 of Mangalam-Murukkumpatta road(Murukkumpatta Jn.) | - | 10 Lakhs |
| 6. | UPR works to Managalam- Murukkumpatta road 2/00-2/700 | - | 5 Lakhs |
| 7. | UPR works to Koottilakkadavu-Karimpuzha road 0/00-1/700 | - | 5 Lakhs |
| 8. | Maintenance of Karimpuzha bridge at km 23/200 of Ottappalam-Mannarkkad road. | - | 10 Lakhs |
| | | TOTAL | 53 Lakhs |

**Budget 2018-19**

| | | | |
|---|---|---|---|
| 1. | BM & BC to Varode – Chunangad road km 0/00 – 1/00 | - | 200 Lakhs |

**Flood 2018-19**

| | | | |
|---|---|---|---|
| 1. | BM & BC to Varode – Chunangad road km 1/00 – 3/00 | - | 150 Lakhs |
| 2. | BM & BC to Lakkidi Railway station road km 2/600-4/00 | - | 150 Lakhs |
| 3. | BM & BC to Ambalappara-Melur-Kizhur road km 1/500-4/500 | - | 200 Lakhs |
| 4. | BM & BC to Ambalappara-Mannur road km 0/00-3/00 | - | 200 Lakhs |

സെക്ഷൻ ഓഫീസർ